# പതിനഞ്ചാം കേരള നിയമസഭ

## ബുള്ളറ്റിൻ ഭാഗം - II

2022 മേയ് 07

**നമ്പർ : 214**

**ഫുട്ബോൾ - ക്രിക്കറ്റ് പ്രദർശന മൽസരത്തിൽ ടീമംഗങ്ങളാകുന്നതിന് താൽപ്പര്യം അറിയുന്നത് സംബന്ധിച്ച്**

തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് സംഘടിപ്പിക്കുന്ന ഇന്റർ മീഡിയ ഫുട്ബോൾ - ക്രിക്കറ്റ് ടൂർണമെന്റുകളുടെ ഭാഗമായി മാധ്യമ പ്രവർത്തകരടങ്ങിയ പ്രസ്സ് ക്ലബ്ബ് ടീമും സാമാജികരും മന്ത്രിമാരും അടങ്ങുന്ന ടീമും തമ്മിലുള്ള ഫുട്ബോൾ പ്രദർശന മൽസരം 2022 മേയ് 30-ന് വൈകുന്നേരം 05.00 മണിക്ക് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വച്ചും ക്രിക്കറ്റ് പ്രദർശന മൽസരം 2022 ജൂൺ 13- ന് വൈകുന്നേരം 05.00 മണിക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ചും സംഘടിപ്പിക്കുന്നുണ്ട്. മൽസരങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ള അംഗങ്ങൾ പ്രസ്തുത വിവരം 2022 മേയ് 20 - ന് വൈകുന്നേരം 04.00 മണിക്ക് മുൻപായി നിയമസഭാ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

സെക്രട്ടറി